LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പിഴവുകൾ

33 (1051) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ പ്രഖ്യാപിച്ച എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിൽ ഗുരുതരമായ രീതിയിൽ പിഴവുകൾ സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഒരു മൂന്നംഗ സമിതിയെ അന്വേഷണത്തിനായി നിയമിച്ചിട്ടുണ്ട്. അന്വേഷണം നടന്നുവരികയാണ്.

(ബി) 2015-എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലുണ്ടായ പിഴവുകൾ പഠിക്കാനായി നിയോഗിക്കപ്പെട്ട സമിതി അതിന്റെ നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക്, അവയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കാനുള്ള കൂടുതൽ നടപടികൾ ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. പരീക്ഷ ചോദ്യപേപ്പർ

34 (1052) ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ ചോദ്യപേപ്പർ അച്ചടിപ്പിച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു ചോദ്യപേപ്പർ അച്ചടിക്കുന്നതിനുള്ള ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള അധിക ചെലവ് വ്യക്തമാക്കുമോ ;

(സി) ഓൺലൈനായി പരീക്ഷ നടത്തിയ ഐ.റ്റി. വിഷയത്തിനുപോലും പരീക്ഷ കഴിഞ്ഞതിനുശേഷം ചോദ്യപേപ്പർ അച്ചടിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;